**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. ***114** 21.03.2013-ൽ മറുപടിയ്ക്ക്

**ഇ-ടെൻഡറിംഗ് സംവിധാനം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**<br>**,, റ്റി.എൻ. പ്രതാപൻ**<br>**,, വി.ഡി.സതീശൻ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (എ) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധന സഹായത്തോടെയുള്ള നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി 2011 ഡിസംബർ മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള സോഫ്റ്റ് വെയർ നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC) ആണ് വികസിപ്പിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.72/2011/പൊ.മ.വ തീയതി 3.12.2011 പ്രകാരം 2011 ഡിസംബർ 7 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ റോഡ്സ് & ബ്രിഡ്ജസ് സൗത്ത് സർക്കിൾ ഓഫീസിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. തുടർന്ന് 4.2.2012 മുതൽ പൊതുമരാമത്ത് വകുപ്പിലെ എല്ലാ സർക്കിൾ ഓഫീസുകളിലെയും 2 കോടി രൂപയും അതിനു മുകളിൽ വരുന്ന പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് ബാധകമാക്കി. എന്നാൽ 01.02.2012 ലെ ജി.ഒ.(പി)നം.13/2012/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്ക്കരിച്ചപ്പോൾ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5 കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് സർക്കിൾ ഓഫീസുകളിൽ 5 കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് ഇ-ടെണ്ടറിംഗ് നടത്തുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ (25 ലക്ഷത്തിനു മുകളിൽ) വിളിക്കുന്ന എല്ലാ ടെണ്ടറുകൾക്കും ഇ-ടെണ്ടറിംഗ് നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എന്നു മുതലാണ് പ്രസ്തുത സംവിധാനം നിർബന്ധിതമാക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കുമോ ; | (ബി) | 2013 ഫെബ്രുവരി 10 മുതൽ ഇതിന്റെ ഒന്നാം ഘട്ടം വ്യാപകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഇ-ടെൻഡറിംഗ് നടപടികൾ കരാറുകാർക്കും ബന്ധപ്പെട്ടവർക്കും പരിചയപ്പെടുത്തുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; | (സി) | പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് ആരംഭിക്കുന്നതിന് മുന്നോടിയായി സർക്കിൾ ഓഫീസ് തലത്തിലെ ഉദ്യോഗസ്ഥർക്കുള്ള സോഫ്റ്റ്‌വെയർ പരിശീലനം 2012 ഫെബ്രുവരി മാസത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഇ-ടെൻഡറിംഗ് നടപ്പിലാക്കുന്നതിനു മുന്നോടിയായി കരാറുകാർക്ക് പുതിയ സംവിധാനം പരിചയപ്പെടുത്തുന്നതിനുള്ള ശില്പശാല 2011 നവംബറിൽ തിരുവനന്തപുരത്തും ഫെബ്രുവരിയിൽ കാസർകോഡും നടത്തുകയുണ്ടായി. ഇതിനെതുടർന്ന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കരാറുകാർക്ക് വിശദമായ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. കരാറുകാർക്ക് ഇ-ടെൻഡറിംഗിൽ വിദഗ്ധ പരിശീലനം നടത്തുന്നതിനായി തിരുവനന്തപുരത്ത് സ്റ്റാച്യുവിനടുത്ത് ഉപ്പളം റോഡിൽ ഒരു help desk centre പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും മൂന്നാംഘട്ട ശിൽപശാലകൾ 2013 ജനുവരി-ഫെബ്രുവരി മാസങ്ങളിൽ നടത്തുകയുണ്ടായി. ഭാവിയിലും ഇത്തരം ശിൽപശാലകൾ നടത്തും. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ ഭാഗമായി (NEGP) എൻ.ഐ.സി യുടെ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പൊതുമരാമത്ത് വകുപ്പിൽ ഇ-ടെൻഡറിംഗ് നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുന്നത് കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ആണ്. |

സെക്ഷൻ ഓഫീസർ